No. CEE-MPH/2050/2008/TA-III

# കേരള സർക്കാർ

**പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയം,**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം–01.**

## വിജ്ഞാപനം

## ബിരുദാനന്തര ബിരുദ ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2008

1. 2008 ലെ ബിരുദാനന്തര ബിരുദ ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

   (i) ഫാർമസ്യൂട്ടിക്കൽ അനാലിസിസ്
   (ii) ഫാർമക്കോഗ്നോസി ആന്റ് ഫൈറ്റോ കെമിസ്ട്രി
   (iii) ഫാർമസ്യൂട്ടിക്സ്
   (iv) ഫാർമക്കോളജി.
   (v) ഫാർമസി പ്രാക്ടീസ്.
   (vi) ഫാർമസൂട്ടിക്കൽ കെമിസ്ട്രി

2. പ്രവേശനത്തിനുവേണ്ട യോഗ്യതകൾ :

   (i) **നേറ്റിവിറ്റി** : അപേക്ഷകൻ കേരളത്തിൽ ജനിച്ച ഇൻഡ്യൻ പൗരനായിരിക്കണം.

   (ii) **വിദ്യാഭ്യാസ യോഗ്യതകൾ** :

   **(എ)** കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നു ലഭിച്ചതോ അല്ലെങ്കിൽ തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതുമായ രണ്ടാം ക്ലാസ് ബി.ഫാം ബിരുദം (അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ അംഗീകാരമുള്ളത്) കൂടാതെ ബി.ഫാമിന് 4 വർഷത്തെ പരീക്ഷകൾക്കും കൂടി 50% ത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. ഈ നിബന്ധനകൾക്ക് വിധേയമായി ബി.ഫാം അവസാനവർഷ പരീക്ഷ എഴുതിയവർക്കും/എഴുതുന്നവർക്കും പ്രവേശനപരീക്ഷ എഴുതാവുന്നതാണ്. എന്നാൽ ഇവർ പ്രവേശന പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്ന ദിവസം ബി.ഫാം പരീക്ഷ പാസ്സായിരിക്കണം.

   **(ബി) സംവരണ ക്വോട്ടയിലേക്ക് അപേക്ഷിക്കുന്ന ഫാർമസി ലക്ചറർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവർ കുറഞ്ഞത് 50% മാർക്ക് നേടിയിരിക്കണം (ഫാർമസി പ്രാക്ടീസിന് അപേക്ഷിക്കുന്നവർ 55% മാർക്ക് നേടിയിരിക്കണം).**

3. **തെരഞ്ഞെടുപ്പും പ്രവേശന പരീക്ഷയും** : ഫാർമസി കോളേജ് അദ്ധ്യാപകർ, ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നുള്ള നോമിനികൾ, അവരുടെ അഭാവത്തിൽ ആരോഗ്യ വകുപ്പിലെ ബി.ഫാം ബിരുദമുള്ള ഫാർമസിസ്റ്റുകൾ (റൊട്ടേഷൻ അനുസരിച്ച്) സ്പോൺസർ ചെയ്യപ്പെടുന്നവർ എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ളവയൊഴികെയുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനപരീക്ഷാ കമ്മീഷണർ **2009 ഫെബ്രുവരി മാസം 1–ാം തീയതി (01.02.2009)** നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ അപേക്ഷകരെ തെരഞ്ഞെടുക്കുന്നതാണ്. 3 മണിക്കൂർ ദൈർഘ്യമുള്ളതും 200 ചോദ്യങ്ങളുമുള്ള, ഒരു പേപ്പറുള്ള, പരീക്ഷ ഒബ്ജക്ടീവ് മാതൃകയിലുള്ളതായിരിക്കും.

4. **അപേക്ഷാഫാറം/അപേക്ഷിക്കേണ്ടവിധം** : പ്രവേശനപരീക്ഷ വഴി പ്രവേശനം നേടുന്നവർ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ **'cee-kerala.org'** എന്ന ജാലികയിൽ (വെബ്സൈറ്റിൽ) 22.12.2008 മുതൽ ലഭ്യമാവുന്ന അപേക്ഷാഫോറത്തിന്റെ മാതൃക ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച്, നിർദ്ദിഷ്ട രേഖകൾ സഹിതം പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും എടുത്ത 800/– രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും സഹിതം അപേക്ഷ നൽകാവുന്നതാണ്. സർവ്വീസ് ക്വാട്ട, സ്പോൺസേർഡ് സീറ്റ് എന്നിവയിലേക്ക് അപേക്ഷിക്കുന്നവരും അപേക്ഷാഫോം

**'cee-kerala.org'** എന്ന ജാലികയിൽ നിന്ന് ഡൗൺലോഡ് ചെയ്ത് പ്രോസ്പെക്ടസ്സ് വ്യവസ്ഥ യനുസരിച്ച് ചെലാൻവഴി ( 0210-03-105-99) എന്ന ഹെഡ്ഡിൽ ഫീസൊടുക്കി രേഖകൾ സഹിതം ബന്ധപ്പെട്ട വകുപ്പ് മേധാവി മുഖാന്തിരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പി ക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. അപേക്ഷാഫോറം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ മെഡിക്കൽ കോളേജു കളിലോ ലഭിക്കുന്നതല്ല.

5. **അപേക്ഷ സമർപ്പിക്കേണ്ടവിധം** : പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം ആഗ്ര ഹിക്കുന്ന അപേക്ഷകർ പൂരിപ്പിച്ച അപേക്ഷാഫോറവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട മറ്റ് രേഖകളും ഡി.ഡിയും **14.01.2009-ാം തീയതി വൈകുന്നേരം 5 മണിക്കു** മുമ്പായി ലഭിക്കത്തക്കവിധത്തിൽ നേരിട്ടോ രജിസ്ട്രേഡ് തപാൽ മുഖാന്തിരമോ കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം-695 001 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. സർവ്വീസ് ക്വാട്ട, സ്പോൺസേർഡ് സീറ്റ് എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ അപേക്ഷാഫോറവും സർട്ടിഫി ക്കറ്റുകളും ബന്ധപ്പെട്ട വകുപ്പ് മേധാവി മുഖാന്തിരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് 14.01.2009 നോ അതിനു മുമ്പോ സമർപ്പിക്കേണ്ടതാണ്.

6. പ്രവേശനപരീക്ഷയ്ക്ക് അപേക്ഷിക്കുന്ന സർവ്വീസ് അപേക്ഷാർത്ഥികൾ പ്രവേശനപരീക്ഷാ കമ്മീഷണറുടെ പേരിൽ ഡി.ഡി.യും (800/-രൂപ) സർവ്വീസ് വിഭാഗക്കാർക്ക് ബാധകമായ ചെലാനും (800/-രൂപ) എടുക്കേണ്ടതാണ്. അത്തരം അപേക്ഷകർ അപേക്ഷയും ഡി.ഡിയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കണം; അപേക്ഷയുടെ പകർപ്പ്, ചെലാൻ രസീത് സഹിതം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും നൽകണം. 14.01.2009 നു വൈകുന്നേരം 5 മണിക്കുശേഷം ലഭിക്കുന്നതുൾപ്പെടെ വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവ ശാലും സ്വീകരിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് കമ്മിഷണറോ ബന്ധപ്പെട്ട ഉദ്യോഗ സ്ഥരോ ഉത്തരവാദികളായിരിക്കുകയില്ല.

7. അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങളോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നതി നുള്ള എതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശനപരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ, ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലോ സ്വീകരി ക്കുന്നതല്ല. അപേക്ഷഫോമിൽ നൽകിയ മാതൃകയിൽ ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തി ട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ ആ മാതൃകയിൽതന്നെ ലഭ്യമാക്കേണ്ടതാണ്.

8. പ്രവേശന പരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റും വെയിറ്റിംഗ് ലിസ്റ്റും പ്രവേശന പരീക്ഷാ കമ്മീഷണർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുക്കുന്നതാണ്. സർവ്വീസ് ക്വോട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ്, അഡ്മിഷൻ എന്നിവ പ്രോസ്പെക്ടസ്സിലെ നിബന്ധന കൾക്ക് വിധേയമായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്നതാണ്.

9. സർക്കാർ അംഗീകരിച്ചതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചതും **'cee-kerala.org'** എന്ന ജാലികയിൽ ലഭ്യവുമായ **2008 ലെ** ബിരുദാനന്തര ബിരുദ ഫാർമസി കോഴ്സിന്റെ പ്രോസ്പക്ടസ്സിലുള്ള വിശദാംശങ്ങൾ അപേക്ഷ പൂരിപ്പിക്കുന്നതിനു മുമ്പ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം,
20.12.2008.

പ്രവേശനപരീക്ഷാ കമ്മീഷണർ